അടിയന്തിരം

29129

DIRECTORATE OF COLLEGIATE EDUCATION
29 JUL 2015
THIRUVANANTHAPURAM.

**കേരള സർക്കാർ**

**ഉന്നത വിദ്യാഭ്യാസ (പി) വകുപ്പ്**

നമ്പർ. 34361/P/13/ഉവിവ.

തിരുവനന്തപുരം

തീയതി 27.07.2015

പ്രേഷിതൻ

ഗവ:അഡീഷണൽ ചീഫ്സെക്രട്ടറി

സ്വീകർത്താവ്

കോളേജ്‌വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം

രജിസ്ട്രാർ, കാലിക്കറ്റ്സർവ്വകലാശാല, കോഴിക്കോട്

രജിസ്ട്രാർ, കൊച്ചിൻ യൂണിവേഴ്സിറ്റിഓഫ്സയൻസ്& ടെക്നോളജി കൊച്ചി-22

രജിസ്ട്രാർ, ശ്രീശങ്കരാചാര്യസംസ്കൃത സംസ്കൃത സർവ്വകലാശാല, കാലടി എറണാകുളം

രജിസ്ട്രാർ, മഹാത്മ ഗാന്ധിസർവ്വകലാശാല, കോട്ടയം

രജിസ്ട്രാർ, കണ്ണൂർ സർവ്വകലാശാല, കണ്ണൂർ

രജിസ്ട്രാർ, സാങ്കേതിക സർവ്വകലാശാല , MBA Building, എൻജിനിയറിംഗ്കോളേജ്, ശ്രീകാര്യം,തിരുവനന്തപുരം

ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട്ഓഫ്ഹ്യൂമൻ റിസോഴ്സ്ഡെവലപ്മെന്റ്, തിരുവനന്തപുരം

ഡയറക്ടർ, എൽ. ബി. എസ്. സെന്റർ ഫോർ സയൻസ്& ടെക്നോളജി തിരുവനന്തപുരം

ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ്എഡ്യൂക്കേഷൻ കേരള, ആനത്തറ ലെയ്ൻ, ചാരാച്ചിറ, തിരുവനന്തപുരം

പ്രിൻസിപ്പൽ, ലാ കോളേജ്, തിരുവനന്തപുരം /തൃശ്ശൂർ/ എറണാകുളം/ കോഴിക്കോട്

വിഷയം:- ഉന്നതവിദ്യാഭ്യാസ വകുപ്പ്- പട്ടികജാതിപട്ടികവർഗ്ഗ ക്ഷേമ സമിതി(2011-14) - പിടിഎ ഫണ്ട്പിരിവ്നൽകുന്നതിൽ നിന്നും പട്ടികജാതിപട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ ഒഴിവാക്കണമെന്ന ആവശ്യം - നിവേദനം - സംബന്ധിച്ച്.

സൂചന:- ____________

സംസ്ഥാനത്തെ പല വിദ്യാഭ്യാസ സ്ഥാപനങ്ങളും പട്ടികജാതിപട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടെയുള്ള വിദ്യാർത്ഥികളിൽ നിന്നും നിർബന്ധിത പിടിഎ ഫണ്ട് പിരിവ് നടത്തുന്നുണ്ടെന്നും പിരിവ് നൽകാത്ത പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനം നിഷേധിക്കുന്ന സംഭവങ്ങൾ ഉണ്ടാകുന്നുണ്ടെന്നും ചൂണ്ടിക്കാട്ടി നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14) മുമ്പാകെ പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിൽ, പിടിഎ ഫണ്ട്പിരിവ്നൽകുന്നതിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ ഒഴിവാക്കുന്നതിന് വേണ്ട നടപടി

സ്വീകരിക്കണമെന്ന് പരാതിക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും നിർബന്ധിത പിടിഎ ഫണ്ട് പിരിവ് വാങ്ങരുത് എന്ന കർശന നിർദ്ദേശം താങ്കളുടെ വകുപ്പിനു കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും (സർക്കാർ / എയ്ഡഡ്/ സ്വകാര്യ) മേധാവികൾക്ക് നൽകുവാനും പ്രസ്തുത നിർദ്ദേശം താങ്കളുടെ സ്ഥാപനത്തിൽ / താങ്കളുടെ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും താൽപ്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ
എം ഷെറീഫ്
ഗവ:അഡീഷണൽ സെക്രട്ടറി
ഗവ:അഡീഷണൽ ചീഫ്സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം.ജി 4/29129/2015/കോ.വി.വ തീയതി. 20/08/2015

ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്ന സർക്കാർ കത്തിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ നിന്നും നിർബന്ധിത പി.റ്റി.എ. ഫണ്ട് വാങ്ങരുതെന്നുള്ള കർശന നിർദ്ദേശം എല്ലാ സർക്കാർ, എയ്ഡഡ്, സ്വകാര്യ കോളേജ് പ്രിൻസിപ്പാൾമാരും പാലിക്കേണ്ടതാണ്. ടി നിർദ്ദേശം ലംഘിക്കുന്ന സ്ഥാപനമേധാവികൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഒപ്പ്)
ഡോ.തോമസ് കുരുവിള
കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ 21/8/15